കൈത്തറി തൊഴിലാളി ക്ഷേമ നിധിയിലേക്കുള്ള അംശദായം നിശ്ചയിച്ചതിലുള്ള അപാകത

44 (877) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കൈത്തറിതൊഴിലാളി ക്ഷേമ നിധിയിലേക്ക് വ്യാപാരികളുടെ ഭാഗത്തുനിന്നുള്ള അംശദായം നിശ്ചയിച്ചതിലുള്ള അപാകത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിയമത്തിലെ ബന്ധപ്പെട്ട ഭാഗം ഭേദഗതി ചെയ്യാൻ സർക്കാർ സ്വീകരിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) അംശദായം പുതുക്കി നിശ്ചയിക്കാനുള്ള നടപടി അടിയന്തിരമായി കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) കേരള കൈത്തറിതൊഴിലാളി ക്ഷേമനിധി നിയമത്തിലെ 4 (2) വകുപ്പ് പ്രകാരം കൈത്തറി തുണി/നൂൽവ്യാപാരികൾ നിധിയിലേയ്ക്കു അവരുടെ വിറ്റുവരവിന്റെ ഒരു ശതമാനം നിരക്കിൽ അംശദായം നടത്തണം എന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. എന്നാൽ ഈ നിരക്ക് വളരെ കൂടുതലാണെന്ന വ്യാപാരി സംഘടനകളുടെ പരാതിയുടെ അടിസ്ഥാനത്തിൽ അംശദായ നിരക്കിൽ കുറവ് വരുത്തികൊണ്ട് ഒരു നിശ്ചിത സ്ളാബ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നിയമ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കരട് ബില്ല് തയ്യാറാക്കി നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് നിയമ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ

45 (879) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നീ ഇനങ്ങളിൽ 31-5-2000 വരെ എത്ര രൂപ കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുടിശ്ശിക തീർക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നടപടി സ്വീകരിച്ചിട്ടില്ലങ്കിൽ അടിയന്തിരമായി കുടിശ്ശിക തീർക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കർഷകതൊഴിലാളി പെൻഷൻ ഇനത്തിൽ 48.35 കോടി രൂപയും തൊഴിലില്ലായ്മ വേതനം ഇനത്തിൽ 47.59 കോടി രൂപയും നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly